## പതിനഞ്ചാം കേരള നിയമസഭ

# പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി
# (2023-26)

## മൂന്നാമത് റിപ്പോർട്ട്

**(2024 ജൂലൈ മാസം// -ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**(2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**2024**

# പതിനഞ്ചാം കേരള നിയമസഭ

## പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി
## (2023-26)

### മൂന്നാമത് റിപ്പോർട്ട്

**(2024 ജൂലൈ മാസം 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**(2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)**

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| ആമുഖം | .. vii |
| റിപ്പോർട്ട് | .. 1 |

അനുബന്ധം

I. സമിതി ശിപാർശകൾ/നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ ഫയലുകളുടെ പട്ടിക

II. സർക്കാരിൽ നിന്നും ലഭ്യമായ മറുപടിക്കനുസൃതമായി തീർപ്പാക്കിയ ഫയലുകളുടെ പട്ടിക

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. വി ആർ സുനിൽകുമാർ

<u>അംഗങ്ങൾ :</u>

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. എ. പ്രഭാകരൻ

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. ടി. ജെ. വിനോദ്

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി. ദീപ ആർ. കൃഷ്ണൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ എൻ.ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ പുഷ്പാംഗദൻ റ്റി., അണ്ടർ സെക്രട്ടറി.

## ആമുഖം

പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി (2023-26)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജികളും അവ സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2024 ജൂലൈ 9-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി ആർ സുനിൽകുമാർ,
അദ്ധ്യക്ഷൻ,
പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2024 ജൂലൈ 11

## റിപ്പോർട്ട്

ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ഇന്ത്യൻ ജനാധിപത്യത്തിന്റെ നട്ടെല്ലായി ഭരണഘടന വർത്തിക്കുമ്പോഴും രാജ്യത്ത് തുല്യവും നീതിപൂർവ്വവുമായി വിതരണം ചെയ്യപ്പെടേണ്ട സമ്പത്ത്, പൊതുവിഭവങ്ങൾ അവയുടെ ഉടമസ്ഥാവകാശം എന്നിവ ജാതി വ്യവസ്ഥയുടെ പേരിൽ പിന്നാക്ക വിഭാഗങ്ങൾക്ക് നൂറ്റാണ്ടുകളായി നിഷേധിക്കപ്പെടുന്നു. ചരിത്രപരമായ അടിച്ചമർത്തലുകളുടേയും അവകാശ നിഷേധങ്ങളുടെയും കടുത്ത വിവേചനങ്ങളുടെയും ഫലമായി ഉണ്ടായ പിന്നോക്കാവസ്ഥയിൽ നിന്നും ഇത്തരം വിഭാഗങ്ങളെ കൈപിടിച്ച് ഉയർത്തേണ്ടതും തുല്യനീതി, പ്രാതിനിധ്യം, അധികാര പങ്കാളിത്തം എന്നിവ ഉറപ്പുവരുത്തി മുഖ്യധാരാ സമൂഹത്തിലേക്കുകൊണ്ടു വരേണ്ടതും ഏതൊരു ജനാധിപത്യ സമൂഹത്തിന്റെയും കടമയാണ്. സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് വലിച്ചെറിയാൻ വിധിക്കപ്പെട്ട ഇത്തരം വിഭാഗങ്ങൾക്ക് മുൻനിരയിലെത്താൻ വിദ്യാഭ്യാസം ആർജ്ജിക്കേണ്ടതും ആർജ്ജിച്ച വിദ്യാഭ്യാസം ഉപയോഗപ്പെടുത്തി തൊഴിൽ നേടേണ്ടതും അനിവാര്യമാണ് എന്ന തിരിച്ചറിവിൽ നിന്നും സർക്കാരുകൾ വിദ്യാഭ്യാസ-തൊഴിൽ മേഖലയിൽ സംവരണം ഏർപ്പെടുത്തുകയും സമൂഹത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യം വെച്ച് നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തുവെങ്കിലും സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാംസ്കാരികപരമായുമുള്ള പിന്നോക്കാവസ്ഥ ഇന്നും തുടരുന്നു എന്നത് നമ്മെയെല്ലാം അലോസരപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമാണ്. എല്ലാ മേഖലകളിലും പദവികളിലും പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ മതിയായ പ്രാതിനിധ്യവും അവസരങ്ങളും ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് 1993 ഫെബ്രുവരി 4-ാം തീയതി കേരള നിയമസഭ

പിന്നോക്ക സമുദായക്ഷേമ സമിതി രൂപീകൃതമായത്. പ്രസ്തുത സമിതിയിൽ ചെയർമാൻ ഉൾപ്പെടെ ഒൻപത് അംഗങ്ങളിൽ ആറുപേർ പിന്നോക്ക വിഭാഗക്കാർ ആയിരിക്കണമെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്.

സാധാരണയായി സമിതി ഒരു മാസത്തിൽ 3 യോഗങ്ങൾ ചേരാറുണ്ട്. അതിൽ ഒരു യോഗം വിവിധ ജില്ലാ ആസ്ഥാനങ്ങളിൽ ചേരാറുണ്ട്. പിന്നോക്ക സമുദായക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കുറിച്ച് നേരിട്ട് മനസ്സിലാക്കുന്നതിനും, ആയവ സംബന്ധിച്ച് വിവിധ സംഘടന പ്രതിനിധികളുമായും വ്യക്തികളുമായും ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ചർച്ച നടത്തുകയും പിന്നോക്കവിഭാഗങ്ങളിൽ നിന്നും പരാതികൾ സ്വീകരിക്കുകയും ജില്ലാ തലത്തിൽ പരിഹരിക്കാൻ കഴിയുന്നവ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറി പരിഹാരം കാണുകയും ചെയ്യുന്നു. ജില്ലാ കളക്ടേറ്ററുകളിൽ ചേരുന്ന ഇത്തരം യോഗങ്ങളിൽ ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഹാജരാകേണ്ടതും സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകേണ്ടതുമാണ്.

കൂടാതെ സമിതിയുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രത്യേക വിഷയങ്ങൾ പഠനത്തിനെടുക്കുകയും അതിനെ അടിസ്ഥാനമാക്കി സമിതി സന്ദർശനം/തെളിവെടുപ്പ്/ ചർച്ച നടത്തുകയും ചെയ്യാറുണ്ട്. സമിതി നടത്തുന്ന തെളിവെടുപ്പിന്റെയും സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നു. ഇതിനു പുറമെ ഒരു കലണ്ടർ വർഷത്തിൽ സമിതിയുടെ പരിഗണനയ്ക്കു വരുന്ന വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ടും സമിതി സഭയിൽ സമർപ്പിക്കുന്നുണ്ട്.

പതിനഞ്ചാം കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി, റിപ്പോർട്ട് കാലയളവിൽ ആകെ 30 യോഗങ്ങൾ ചേർന്നു. ഇവയിൽ 22 എണ്ണം നിയമസഭാ സമുച്ചയത്തിൽ വച്ചും 2 എണ്ണം മറ്റ് ജില്ലാ ആസ്ഥാനങ്ങളിലും 6 യോഗങ്ങൾ അഖിലേന്ത്യ പഠന പര്യടന പരിപാടിയുടെ ഭാഗമായുമാണ് ചേർന്നത്. നിയമസഭാ സമുച്ചയത്തിൽ വച്ച് ചേർന്ന 22 യോഗങ്ങളിൽ 2 എണ്ണം തെളിവെടുപ്പ് യോഗമായിരുന്നു.

ഹരിയാന നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമ സമിതിയുമായി 19.09.2022-ന് സമിതി സംയുക്ത യോഗം ചേരുകയും സമിതിയുടെ പ്രവർത്തനം, സമിതി ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ പിന്നോക്ക വിഭാഗക്കാർക്കായി നടപ്പിലാക്കി വരുന്ന ക്ഷേമപ്രവർത്തനം എന്നീ വിഷയങ്ങൾ സംബന്ധിച്ച് ഇരു സമിതികളും ചർച്ച നടത്തുകയും ചെയ്തു.

വിവിധ സംസ്ഥാനങ്ങളിലെ സഹോദര സമിതികളുടെയും പിന്നാക്ക സമുദായ വകുപ്പിന്റെയും പ്രവർത്തന രീതി, പിന്നാക്ക സമുദായ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിനായുള്ള പഠന പര്യടന പരിപാടിയുടെ ഭാഗമായി സമിതി 06.10.2022 മുതൽ 14.10.2022 വരെ ശ്രീനഗർ, ഡൽഹി, രാജസ്ഥാൻ എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും പിന്നാക്ക സമുദായങ്ങൾക്കുവേണ്ടി നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ സംബന്ധിച്ചും സർക്കാർ സർവ്വീസിലും മറ്റും പിന്നാക്ക സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളുന്ന നടപടികൾ സംബന്ധിച്ചും വിശദമായ ചർച്ച നടത്തുകയും ചെയ്തു.

സമിതിയുടെ പരിഗണനയിലുള്ള വിവിധ ഹർജികളിന്മേലും സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന്മേലുള്ള റിപ്പോർട്ടുകൾ ലഭ്യമാക്കാതെയുള്ളത് സംബന്ധിച്ച വിഷയങ്ങളിലും 22.06.2022 ന് റവന്യൂ, പിന്നോക്ക വിഭാഗ വികസനം, കിർത്താഡ്സ് എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും, 17.11.2022-ന് പിന്നാക്ക വിഭാഗ വികസനം, റവന്യൂ, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

പിന്നാക്ക സമുദായക്കാർ അഭിമുഖീകരിക്കുന്ന സാമുദായികവും സാമൂഹ്യപരവും വിദ്യാഭ്യാസപരവുമായ പ്രശ്നങ്ങളെ സംബന്ധിച്ച് മനസ്സിലാക്കുന്നതിനായുള്ള സമിതിയുടെ ജില്ലാ സന്ദർശനത്തിന്റെ ഭാഗമായി സമിതി 29.07.2022, 30.11.2022 എന്നീ തീയതികളിൽ യഥാക്രമം പാലക്കാട്, കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ്

ഹാളുകളിൽ യോഗം ചേരുകയും പ്രസ്തുത ജില്ലകളിൽ നിന്ന് സമിതിയ്ക്ക് ലഭിച്ചിട്ടുള്ളതും തീർപ്പാക്കാനുള്ളതുമായ ഹർജികളിന്മേൽ ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും പിന്നാക്ക സമുദായക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ഹർജികൾ/നിവേദനങ്ങൾ സ്വീകരിക്കുകയും ചെയ്തു. റിപ്പോർട്ട് കാലയളവിൽ 47 പുതിയ പരാതികൾ ലഭിച്ചു.

2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ് ഈ റിപ്പോർട്ട്. സമിതി ശിപാർശകൾ/ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതിൽ ഗവൺമെന്റിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതായ ഫയലുകളുടെ ലിസ്റ്റ് അനുബന്ധം I ലും സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം II ലും ചേർത്തിരിക്കുന്നു.

**റിപ്പോർട്ട് കാലയളവിൽ സമിതിയുടെ ഇടപെടൽമൂലം അനുകൂല നടപടി ഉണ്ടായ ഏതാനും ഹർജികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.**

1. പടയാച്ചി സമുദായത്തെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പടയാച്ചി സംഘം പ്രസിഡന്റ് ശ്രീ. കെ. കറുപ്പുസ്വാമി കൗണ്ടർ പാലക്കാട് സമർപ്പിച്ച ഹർജി.

(ഫയൽ നം. 5446/ബി.സി.സി1/2015/ലെജി.)

തമിഴ്നാട്ടിലെ ആർക്കാട് രാജവംശത്തിനു കീഴിലുള്ള വെള്ളയൻകുപ്പം എന്ന സ്ഥലത്തു നിന്നും കേരളത്തിലേക്ക് കുടിയേറിപ്പാർത്ത "പടയാച്ചി" സമുദായാംഗങ്ങൾ ഏകദേശം 300 വർഷങ്ങളായി പാലക്കാട് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ താമസിച്ചു വരുന്നുവെന്നും കാർഷികവും കാർഷികേതരവുമായ കൂലിപ്പണി ചെയ്താണ് ജീവിക്കുന്നതെന്നും, സാമ്പത്തികമായും സാമൂഹ്യപരമായും വിദ്യാഭ്യാസ പരമായും വളരെ പിന്നോക്കം നിൽക്കുന്നവരാണെന്നും സാമ്പത്തിക പരാധീനതമൂലം കുട്ടികൾക്ക് പഠനം പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്നും ഈ ആവശ്യങ്ങൾ ചൂണ്ടികാണിച്ച്

നല്കിയ ഹർജിയുടെ അടിസ്ഥാനത്തിൽ 1966-71 കാലഘട്ടത്തിൽ ടി സമുദായത്തെ SEBC ആയി പ്രഖ്യാപിച്ച് ആനുകൂല്യങ്ങൾ നല്കിയെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ ആനുകൂല്യങ്ങൾ പിൻവലിച്ചു എന്നും തുടർന്ന് ഹർജികൾ നൽകിയപ്പോൾ ചിറ്റൂർ അമ്പാട്ടുപാളയത്തുള്ളവർക്ക് സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് കിർത്താഡ്സ് ഡയറക്ടർ നിർദ്ദേശം നൽകുകയുണ്ടായെന്നും തമിഴ്നാട്ടിൽ ടി സമുദായത്തെ Denotified communities/most backward communities എന്ന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും കേരളത്തിൽ സംവരണാനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന സമുദായങ്ങളുടെ അവസ്ഥയെക്കാളും വളരെ പരിതാപകരമായ അവസ്ഥയിലാണ് ടി സമുദായാംഗങ്ങളെന്നും ആയതിനാൽ ടി സമുദായങ്ങളുടെ പിന്നാക്കാവസ്ഥ പരിഗണിച്ച് ഇവരെ പിന്നോക്ക സമുദായ വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകണമെന്നുമായിരുന്നു ഹർജിയിലൂടെ ആവശ്യപ്പെട്ടിരുന്നത്.

പ്രസ്തുത ഹർജിയിന്മേൽ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഹർജി പിന്നാക്ക വിഭാഗ വികസന വകുപ്പിന് അയച്ചു കൊടുത്തിരുന്നു. തുടർന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് 22.09.2017 ലെ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ പടയാച്ചി സമുദായത്തെ സംബന്ധിച്ചുള്ള കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണെന്ന് പിന്നാക്ക വിഭാഗ കമ്മീഷൻ അറിയിച്ചിട്ടുണ്ടെന്നും കമ്മീഷന്റെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ആയത് പരിശോധിച്ച് പടയാച്ചി സമുദായത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 31.10.2017 ലെ തെളിവെടുപ്പ് യോഗത്തിൽ പടയാച്ചി വിഭാഗം എസ്.ഇ.ബി.സി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഒ.ബി.സി/ ഒ.ഇ.സി ലിസ്റ്റിൽ 83 സമുദായങ്ങളും എസ്.ഇ.ബി.സി. ലിസ്റ്റിൽ 93 സമുദായങ്ങളുമാണുള്ളതെന്നും എസ്.ഇ.ബി.സി ലിസ്റ്റിലുള്ള സമുദായങ്ങളെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെങ്കിൽ വിശദമായ പഠനങ്ങൾ ആവശ്യമാണെന്നും പിന്നോക്ക സമുദായ വികസന വകുപ്പ്

ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചതിനെ തുടർന്ന് ഇതു സംബന്ധിച്ച കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പ്രസ്തുത സമിതി നിർദ്ദേശത്തിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാത്തതിനെ തുടർന്ന് 22.06.2022 ലെ തെളിവെടുപ്പ് യോഗത്തിൽ പ്രസ്തുത വിഷയം വീണ്ടും പരിഗണിക്കുകയും തദവസരത്തിൽ പടയാച്ചി സമുദായത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ടെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും ഇതു സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനകം സമിതിയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് സമിതിയ്ക്ക് ഉറപ്പ് നൽകുകയും ചെയ്തു.

തുടർന്ന് 23.08.2022 ലെ കത്തു മുഖേന പിന്നാക്ക വിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ "പടയാച്ചി" സമുദായത്തെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തി 18.06.2022 തീയതിയിലെ സ.ഉ(കൈ) നം.08/2022/പി.വി.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രസ്തുത വിഭാഗങ്ങൾക്ക് ഉദ്യോഗ സംവരണം ലഭിക്കുന്നതാണെന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിന് ടി വിഭാഗത്തെ നേരത്തെതന്നെ SEBC ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 26.10.2022-ലെ സമിതിയോഗം ആയത് അംഗീകരിക്കുകയും സമിതി നിർദ്ദേശാനുസരണം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തു.

2. പരമ്പരാഗത കരകൗശല വിദഗ്ധർക്കുള്ള ടൂൾക്കിറ്റ് ഗ്രാന്റ് അനുവദിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പ്രമോദ് കെ.വി., പത്തനംതിട്ട സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 7083/ബി.സി.സി.1/2019/ലെജി.)

മരപണിക്കാരനായ ഹർജിക്കാരന്റെ പണി ആയുധങ്ങളും മെഷനറികളും ട്രെയിൻ യാത്രക്കിടെ നഷ്ടമായെന്നും പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ പരമ്പരാഗത കരകൗശല വിദഗ്ധർക്കുള്ള പരിശീലനവും ഗ്രാന്റും നൽകുന്ന പദ്ധതി

മുഖേന ടൂൾക്കിറ്റ് അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചെങ്കിലും ആയത് ലഭിച്ചിട്ടില്ലെന്നും ആയതിനാൽ പണിയായുധങ്ങൾക്കുള്ള ഗ്രാന്റ് അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്നുമാണ് 12.12.2019-ൽ സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

പ്രസ്തുത ഹർജിയിന്മേൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഹർജി തൊഴിലും നൈപുണ്യവും വകുപ്പിന് അയച്ചു കൊടുത്തിരുന്നുവെങ്കിലും റിപ്പോർട്ട് ലഭ്യമാക്കാത്തതിനെ തുടർന്ന് 12.12.2019-ൽ പത്തനംതിട്ട കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന സമിതിയോഗത്തിൽ പരിഗണിക്കുകയും പ്രസ്തുത ഹർജിവിഷയം പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് ഹർജിക്കാരന് ടൂൾകിറ്റ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

പ്രസ്തുത സമിതി ശിപാർശയിന്മേൽ പിന്നോക്ക വിഭാഗ വികസന (ബി) വകുപ്പ് 19.04.2022 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. പ്രമോദ് കെ. വി.-ക്ക് ടൂൾ കിറ്റ് ഗ്രാന്റ് അനുവദിക്കുന്നതിന് മുൻഗണന നൽകണമെന്ന് നിയമസഭ സമിതിയുടെ 12.12.2019-ലെ തെളിവെടുപ്പ് യോഗം ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് ടൂൾകിറ്റ് ഗ്രാന്റ് പദ്ധതിയിൽ പ്രത്യേക പരിഗണന നൽകി ആദ്യ ഗഡു ആയി 10,000/- രൂപ അനുവദിച്ചിട്ടുണ്ടെന്നും മുൻകൂർ അനുവദിച്ച ടി തുക ഉൾപ്പെടെ 20,000/- രൂപയുടെ ഒറിജിനൽ ബില്ല് ശ്രീ. പ്രമോദ് കെ.വി. ഹാജരാക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന 10,000/- രൂപ അനുവദിക്കുന്നതാണെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 11.08.2022-ലെ സമിതിയോഗം അംഗീകരിക്കുകയും സമിതി നിർദ്ദേശ പ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തു.

3. <u>വില്ലേജാഫീസിൽ നിന്നും നൽകിയ സർട്ടിഫിക്കറ്റിൽ ജാതിപ്പേര് തെറ്റായി രേഖപ്പെടുത്തിയതിനാൽ മെഡിക്കൽ പ്രവേശന പരീക്ഷാ റാങ്ക് ലിസ്റ്റിൽ ലഭിക്കേണ്ടിയിരുന്ന അർഹതപ്പെട്ട സംവരണാനുകൂല്യം നിഷേധിക്കപ്പെട്ടത് സംബന്ധിച്ച് കുമാരി അഞ്ജലി ആർ., എറണാകുളം സമർപ്പിച്ച ഹർജി - സംബന്ധിച്ച്</u>

(ഫയൽ നം. 5189/ബി.സി.സി1/2020/ലെജി.)

മെഡിക്കൽ പ്രവേശനപരീക്ഷയിൽ സംവരണ ആനുകൂല്യം ലഭിക്കുന്നതിനായി വില്ലേജാഫീസിൽ നിന്നും നൽകിയ ജാതി സർട്ടിഫിക്കറ്റിൽ 'GANAKA' എന്നതിന് പകരം 'GANAGA' എന്ന് രേഖപ്പെടുത്തിയതിനെത്തുടർന്ന് റാങ്ക് ലിസ്റ്റിൽ ലഭിക്കേണ്ടിയിരുന്ന സംവരണാനുകൂല്യത്തിൽ നിന്നും ഒഴിവാക്കപ്പെടുകയും ഫസ്റ്റ് അലോട്ട്മെന്റിൽ ജനറൽ വിഭാഗത്തിൽ സ്വാശ്രയ കോളേജിൽ ബി.ഡി.എസ്. കോഴ്സിൽ അഡ്മിഷൻ എടുക്കേണ്ടിവന്നുവെന്നും ആയതിനാൽ അടുത്ത അലോട്ട്മെന്റുകളിലെങ്കിലും സർട്ടിഫിക്കറ്റിലെ അപാകതമൂലം നിഷേധിക്കപ്പെട്ട ഒ.ബി.സി. സംവരണാനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടാണ് കുമാരി അഞ്ജലി ആർ. 22.11.2020-ൽ സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

ഹർജിയിന്മേൽ റിപ്പോർട്ടാവശ്യപ്പെട്ട് ഉന്നതവിദ്യാഭ്യാസം, റവന്യൂ എന്നീ വകുപ്പുകൾക്ക് കത്തയച്ചതിനെത്തുടർന്ന് ഉന്നതവിദ്യാഭ്യാസ (ജി) വകുപ്പിൽ നിന്നും 07.10.2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

"സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന (SEBC) വിഭാഗത്തിൽപ്പെട്ടവർ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ് എന്ന് കീം പ്രോസ്പെക്ടസ് ക്ലോസ് 5. 4. 2 ൽ വ്യക്തമാക്കിയിട്ടുണ്ട്. എസ്.ഇ.ബി.സി ക്വാട്ടയിൽ സംവരണം തേടുന്ന വിദ്യാർത്ഥികൾ വില്ലേജ് ഓഫീസിൽ നിന്നുള്ള കേരള സർക്കാർ പഠനാവശ്യങ്ങൾക്കായി നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഓൺലൈനായി നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ് എന്നും പ്രോസ്പെക്ടസ് (ക്ലോസ് 5.4.2(b))ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കുമാരി അഞ്ജലി ആർ. എന്ന വിദ്യാർത്ഥിനി അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരുന്ന ജാതി (Ganaga) പ്രോസ്പെക്ടസ് അനക്സർ XI ൽ ഉൾപ്പെട്ടിട്ടുള്ളത് ആയിരുന്നില്ല. കുമാരി അഞ്ജലി ആർ. എന്ന വിദ്യാർത്ഥിനി കീം 2020 ന്റെ അപേക്ഷയോടൊപ്പം ഓൺലൈൻ ആയി സമർപ്പിച്ചിരുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിൽ ജാതിപ്പേര് ഗണക (GANAKA) എന്നതിന് പകരം ഗണഗ (" GANAGA" ) എന്നാണ് രേഖപ്പെടുത്തിയിരുന്നത്. കീം - 2020 ന് അംഗീകൃത പ്രോസ്പെക്ടസിൽ എസ്.ഇ.ബി.സി

പട്ടികയിൽ GANAKA ക്രമ നം. 20 ആയി എന്നാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് അർഹ സമുദായങ്ങളുടെ പട്ടികയിലും (ക്രമ നം. 6 ആയി) 'GANAKA' എന്നാണ് സമുദായത്തിന്റെ പേര് ഉൾപ്പെടുത്തിയിട്ടുള്ളത്. അനുബന്ധത്തിൽ ഉൾപ്പെടാത്ത മറ്റ് സമുദായാംഗങ്ങളുടെ അവകാശ വാദങ്ങൾ അവയ്ക്കൊപ്പം ബന്ധപ്പെട്ട് റവന്യൂ ഉദ്യോഗസ്ഥരുടെ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരുന്നാൽപ്പോലും തിരസ്കരിക്കപ്പെടും എന്ന വിവരം പ്രോസ്പെക്ടസിൽ (ക്ലോസ് 5.4.2(a))ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുമാരി അഞ്ജലി ആർ. എന്ന വിദ്യാർത്ഥിനി സമർപ്പിച്ച നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിലെ ജാതി, പ്രോസ്പെക്ടസിലെ എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടതല്ല എന്ന വിവരം ടി വിദ്യാർത്ഥിനിയുടെ കാൻഡിഡേറ്റ് പോർട്ടലിൽ മെമ്മോ ആയി നൽകിയിരുന്നു. എങ്കിലും നിശ്ചിത സമയത്തിനുള്ളിൽ ന്യൂനത പരിഹരിച്ചുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് വിദ്യാർത്ഥിനി ഹാജരാക്കിയിരുന്നില്ല. ഇക്കാരണങ്ങളാലാണ് കുമാരി അഞ്ജലി ആർ. എന്ന വിദ്യാർത്ഥിനിക്ക് എസ്.ഇ.ബി.സി കാറ്റഗറി അനുവദിക്കാൻ കഴിയാതിരുന്നത്.

സർക്കാർ അംഗീകൃത കീം പ്രോസ്പെക്ടസ് 2020 പ്രകാരം എസ്.ഇ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ജാതി സർട്ടിഫിക്കറ്റ് പരിഗണിക്കുവാൻ കഴിയുമായിരുന്നില്ല. കീം 2020 ലെ പ്രോസ്പെക്ടസ് അനക്സർ X (a)ൽ ഉൾപ്പെട്ട ജാതിയിലെ വിദ്യാർത്ഥികൾക്ക് 23.05.2014 ലെ G.O.(MS) No.10/2014/BCDD നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവർ ഹാജരാക്കുന്ന ജാതി സർട്ടിഫിക്കറ്റ്, 6 ലക്ഷം രൂപയിൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് മറ്റ് അർഹ വിഭാഗത്തിന് സമാനമായ ഫീസ് സൗജന്യം അനുവദിക്കുന്നത്. കുമാരി അഞ്ജലി ആർ. സമർപ്പിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിൽ 10 ലക്ഷം രൂപയാണ് വാർഷിക വരുമാനം ആയി രേഖപ്പെടുത്തിയിരുന്നത്. ആയതിനാൽ കീം പ്രോസ്പെക്ടസ് അനക്സർ X (a) പ്രകാരമുള്ള വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കാൻ കഴിയുമായിരുന്നില്ല. മാത്രമല്ല. ടി വിദ്യാർത്ഥിനി സമർപ്പിച്ചിരുന്ന ജാതി സർട്ടിഫിക്കറ്റ് 13.11.2020 ന് ആണ് വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ചിട്ടുള്ളത്. കീം 2020 ന്റെ അലോട്ട്മെന്റ് നടപടികളിലേക്കുള്ള സീറ്റ് സംവരണം,

ഫീസ് സൗജന്യം ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുള്ള അർഹത തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതിനുള്ള തീയതി 29.02.2020 വരെ ആണ് ആദ്യഘട്ടത്തിൽ നിശ്ചയിച്ചിരുന്നത് എങ്കിലും, കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പ്രസ്തുത സാക്ഷ്യപത്രങ്ങൾ സമർപ്പിക്കുന്നതിന് വ്യത്യസ്ത ഘട്ടങ്ങളിലായി 10.09.2020 വരെ സമയം അനുവദിച്ചിരുന്നു.

കാറ്റഗറി പട്ടിക പ്രസിദ്ധീകരിക്കുകയും അലോട്ട്മെന്റ് നടപടികൾ അവസാനിക്കുകയും ചെയ്തതിന് ശേഷം പുതിയതായി സമർപ്പിക്കപ്പെടുന്ന സാക്ഷ്യപത്രങ്ങൾ പരിഗണിക്കുന്നത്, അലോട്ട്മെന്റ് പ്രക്രിയകളെ പ്രതികൂലമായി ബാധിക്കുന്നതും കോടതി വ്യവഹാരങ്ങൾക്ക് കാരണമായേക്കാവുന്നതുമാണ്.

നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ അനുവദിക്കുമ്പോൾ അവ കീം പ്രോസ്പെക്ടസ് പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടതാണ് എന്ന് ഉറപ്പാക്കുന്നതിന് വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവർ ശ്രദ്ധ പുലർത്തുകയും കീം പ്രോസ്പെക്ടസിലെ ബന്ധപ്പെട്ട അനക്സറുകളിൽ ഉൾപ്പെട്ട പ്രകാരം തന്നെയാണ് വിതരണം ചെയ്യപ്പെടുന്ന സാക്ഷ്യപത്രങ്ങളിലും ജാതിപ്പേര് രേഖപ്പെടുത്തിയിരിക്കുന്നത് എന്നത് കർശനമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകുന്നത് ഇത്തരത്തിലുള്ള ആശയക്കുഴപ്പം ഒഴിവാക്കുന്നതിന് സഹായകരമായിരിക്കും."

പ്രസ്തുത റിപ്പോർട്ട് 18.11.2021-ലെ സമിതിയോഗത്തിൽ പരിഗണിക്കുകയും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ OBC/OEC, SEBC ലിസ്റ്റുകളിൽ യഥാക്രമം Ganaka, Ganaga എന്നിങ്ങനെ വ്യത്യസ്തമായി ജാതിപ്പേര് രേഖപ്പെടുത്തി കാണുന്നതായുള്ള സംഗതി ശ്രദ്ധയിൽപ്പെട്ട സമിതി, മെഡിക്കൽ പ്രവേശനപരീക്ഷയുൾപ്പെടെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രവേശന പരീക്ഷാറാങ്ക് ലിസ്റ്റുകളിൽ വിദ്യാഭ്യാസ സംവരണ ആനുകൂല്യത്തിന് പിന്നാക്ക വിഭാഗവികസന വകുപ്പ് അംഗീകരിച്ച SEBC റിസർവേഷൻ ലിസ്റ്റാണ്

മാനദണ്ഡമാക്കുന്നതെന്നിരിക്കെ ഇത്തരത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ വെബ്സൈറ്റിൽ OBC ലിസ്റ്റിലും SEBC ലിസ്റ്റിലും 'GANAKA' എന്നും 'GANAGA' എന്നും വ്യത്യസ്തമായി ഉൾപ്പെടുത്തിയിരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് പരിശോധിക്കേണ്ടതും പിശകുകൾ തിരുത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പിന് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

പ്രസ്തുത ഹർജിയിന്മേൽ റവന്യൂ വകുപ്പിൽ നിന്നും 18.12.2021-ലെ തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

"കുന്നത്തുനാട് താലൂക്ക് രായമംഗലം വില്ലേജിൽ കൈപ്പിള്ളി വീട്ടിൽ അഞ്ജലി ആർ. എന്നയാൾ ഇ-ഡിസ്ട്രിക്ട് മുഖേന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും അപേക്ഷ പ്രകാരം സർട്ടിഫിക്കറ്റ് വില്ലേജ് ആഫീസർ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇ-ഡിസ്ട്രിക്ട് മുഖേന നൽകുന്ന സാക്ഷ്യപത്രങ്ങളിൽ ജാതി 'Ganaga' എന്ന് തെറ്റായി വരുന്നതിനാൽ സർട്ടിഫിക്കറ്റിലും അപ്രകാരമാണ് രേഖപ്പെടുത്തൽ വന്നിട്ടുള്ളത്. ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ തെറ്റുകൾ തിരുത്തുവാൻ വില്ലേജ് ഓഫീസർക്ക് സാധിക്കുകയില്ല. എൻട്രൻസ് കമ്മീഷണറുടെ പ്രോസ്പെക്ടസ് പ്രകാരം 'Ganaka' എന്നാകയാൽ ടിയാൾക്ക് സംവരണാനുകൂല്യം ലഭിച്ചിട്ടില്ലാത്തതും തുടർന്ന് ടിയാൻ രായമംഗലം വില്ലേജ് ഓഫീസർ മുമ്പാകെ നേരിട്ട് അപേക്ഷ നൽകിയതിനെ തുടർന്ന് 'Ganaka' എന്ന് ചേർത്ത് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതുമാണ്. നിലവിൽ E-district പോർട്ടലിൽ 'Ganaga' എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നത് 'Ganaka' എന്ന് തിരുത്തി ശരിയായി രേഖപ്പെടുത്തിയിട്ടുള്ളതായി E-district പോർട്ടലിന്റെ സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്."

ഹർജിയിന്മേൽ 18.11.2021-ലെ സമിതിയോഗനിർദ്ദേശത്തിന്മേൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് 03.02.2022 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

"പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ വെബ്സൈറ്റിൽ OBC/OEC പട്ടികയിൽ Ganaka എന്ന് രേഖപ്പെടുത്തിയിരിക്കുന്ന സമുദായം SEBC പട്ടികയിൽ Ganaga എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്ലറിക്കൽ പിശക് മൂലമാണ് ടി തെറ്റ് സംഭവിച്ചിട്ടുള്ളത്. ഇത് പരിഹരിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടുകൾ 24.03.2022 ലെ സമിതിയോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തു.

4. <u>പ്ലസ് വൺ വിദ്യാർത്ഥിനിയായ മകൾക്ക് യാത്രാസൗകര്യം പരിഗണിച്ച് സ്കൂൾ ട്രാൻസ്ഫർ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ലേഖ ജി. എൽ., ബാലരാമപുരം സമർപ്പിച്ച ഹർജി</u>

(ഫയൽ നമ്പർ 18017/ബി.സി.സി.1/2021/ലെജി)

വിളക്കിത്തല നായർ സമുദായത്തിൽപ്പെട്ട നിർധന കുടുംബാംഗവുമായും ഹർജിക്കാരിയുടെ വിദ്യാർത്ഥിനിയായ മകൾക്ക് 12.10.2021-ൽ പേട്ട ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്-ൽ പ്ലസ് വൺ അഡ്മിഷൻ ലഭിച്ചിരുന്നുവെന്നും എന്നാൽ ഹർജിക്കാരിയുടെ താമസസ്ഥലമായ ബാലരാമപുരം എരുത്താവൂരിൽ നിന്നും പേട്ട സ്കൂൾ വരെ ദിവസേന പോയി വരുന്നതിന് മകളായ ഗോപികകൃഷ്ണയ്ക്ക് ബുദ്ധിമുട്ടായതിനാൽ ഗവൺമെന്റ് ബാലരാമപുരം സ്കൂളിലേയ്ക്കോ ഗവൺമെന്റ് നെയ്യാറ്റിൻക്കര സ്കൂളിലേയ്ക്കോ ട്രാൻസ്ഫർ അനുവദിക്കണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

പ്രസ്തുത ഹർജിയിന്മേൽ അനന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഹർജി പൊതുവിദ്യാഭ്യാസ വകുപ്പിന് അയച്ചുകൊടുത്തിരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് 01.04.2022-ലെ ഇ 1/1375/2021/പൊവിവ നമ്പർ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീമതി ലേഖ ജി.എൽ-ന്റെ മകൾ ഗോപികകൃഷ്ണ എന്ന വിദ്യാർത്ഥിനിയ്ക്ക് വീട്ടിനടുത്തുള്ള നെയ്യാറ്റിൻകര താലൂക്കിലെ ബാലരാമപുരം പഞ്ചായത്തിൽ തന്നെയുള്ള എം.സി.എച്ച്.എസ്.എസ് കോട്ടുകാൽകോണം എന്ന ഹയർ സെക്കണ്ടറി സ്കൂളിൽ ബയോളജി സയൻസ് കോമ്പിനേഷനിൽ പ്രവേശനം ലഭിച്ചിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 04.08.2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തു.

5. എസ്.എസ്.എൽ.സി ബുക്കിലെ ജാതിപേരിലെ പിശക് തിരുത്തി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ആതിരകൃഷ്ണൻ, ഏനാത്ത് സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 17878/ബിസിസി1/2021/ലെജി)

ഹർജിക്കാരി ഒ.ബി.സി വിഭാഗത്തിലെ 'വേളാൻ' സമുദായത്തിൽപ്പെട്ട ആളാണെന്നും എന്നാൽ ടിയാളുടെ എസ്.എസ്.എൽ.സി ബുക്കിൽ ജാതിപ്പേര് വേളാൻ എന്നതിനു പകരം 'വേലൻ' എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നുവെന്നും വേലൻ എസ്.സി. വിഭാഗത്തിൽപ്പെടുന്നതാണെന്നും ആയത് തിരുത്തി ലഭിക്കുന്നതിന് രേഖകൾ സഹിതം പരീക്ഷാഭവനെ സമീപിച്ചുവെങ്കിലും ആയത് നാളിതുവരെ തിരുത്തി ലഭിച്ചിട്ടില്ലെന്നും ടിയാൾക്ക് പി.എസ്.സി.യുടെ എൽ.പി.എസ്.എ. പരീക്ഷയിൽ സെലക്ഷൻ ലഭിച്ചത് SC വിഭാഗത്തിലാണെന്നും എന്നാൽ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയ രേഖകൾ പ്രകാരം OBC വിഭാഗമായതിനാൽ പി.എസ്.സി അധികൃതർ തന്റെ അപേക്ഷ നിരസിച്ചുവെന്നും ഇതുപോലെ പല ആവശ്യങ്ങൾക്കും ഈ ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും ആയതിനാൽ എസ്.എസ്.എൽ.സി ബുക്കിലെ പിശക് തിരുത്തി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് ആവശ്യപ്പെട്ടിരുന്നത്.

പ്രസ്തുത ഹർജി ആവശ്യത്തിന്മേൽ അടിയന്തിര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പിന്നാക്കവിഭാഗ വികസന വകുപ്പിന് 18.03.2022-ൽ കത്ത് അയച്ചതിനെ തുടർന്ന് പ്രസ്തുത വകുപ്പ് ലഭ്യമാക്കിയ കത്തിൽ "എസ്.എസ്.എൽ.സി ബുക്കിൽ ജാതി തിരുത്തി കിട്ടുന്നതിന് റവന്യൂ അധികാരികൾ നൽകിയ രേഖ വിദ്യാഭ്യാസ വകുപ്പ് അധികാരികൾക്ക് സമർപ്പിച്ച് എസ്.എസ്.എൽ.സി. ബുക്കിൽ ജാതി തിരുത്തി കിട്ടണമെന്ന് അപേക്ഷ സമർപ്പിച്ചാൽ മതിയാകുമെന്നും ഇപ്രകാരം ചെയ്തതായി അപേക്ഷയിൽ നിന്നും മനസിലാകുന്നുവെന്നും ആയതിനാൽ അനന്തര നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഫയൽ പൊതുവിദ്യാഭ്യാസ വകുപ്പിന് BCDD.B1/152/ 2021/BCDD എന്ന ഫയലിലൂടെ കൈമാറിയിട്ടുണ്ട്" എന്നും അറിയിച്ചിരുന്നു.

തുടർന്ന് 21.04.2022 ൽ ഹർജി വിഷയത്തിന്മേൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് കത്ത് അയച്ചതിനെത്തുടർന്ന് 17.06.2022-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.

" ശ്രീമതി ആതിരാകൃഷ്ണൻ തന്റെ എസ്.എസ്.എൽ.സി. ബുക്കിലെ (വേലൻ) (VELAN)എന്ന ജാതി തിരുത്തി OBC വിഭാഗത്തിൽപ്പെട്ട വേളാൻ(VELAAN) എന്നാക്കി മാറ്റുന്നതിനുള്ള അപേക്ഷ പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ തിരുത്തൽ വരുത്തുന്നതിന് ആവശ്യമായ സ്കൂൾ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കാത്തതിനാൽ അപേക്ഷ മടക്കി നൽകിയിരുന്നു. തുടർന്ന് 20.10.2021-ൽ ശ്രീമതി ആതിര കൃഷ്ണൻ തന്റെ ജാതി തിരുത്തി നൽകണമെന്ന് ആവശ്യപ്പെട്ട് വീണ്ടും അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി. ബുക്കിലെ ജാതി തിരുത്തി നൽകുന്നതിന് ആവശ്യമായ സ്കൂൾ രേഖകൾ ഹാജരാക്കിയതിനാൽ 21.10.2021-ൽ നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയാക്കി പുതുക്കിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 03.11.2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും സമിതി നിർദ്ദേശാനുസരണം റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തു.

6) <u>കാർഷിക ലോൺ എഴുതിതള്ളുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ കുടിശ്ശിക ഒഴിവാക്കിത്തരണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി വിജയകുമാരി.സി., തിരുവനന്തപുരം സമർപ്പിച്ച ഹർജി.</u>

(ഫയൽ നം. 6888/ബി.സി.സി2/2019/ലെജി)

ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വസ്തുവും വീടും പണയപ്പെടുത്തി 2,50,000/- രൂപ വായ്പയെടുത്ത് തവണകളായി അടച്ചുവരവെ ഹൃദയസംബന്ധമായ അസുഖം വന്നതിനാൽ ലോൺ അടയ്ക്കാൻ കഴിയാതെ കുടിശ്ശികയായെന്നും 2019-ൽ സർക്കാർ പ്രഖ്യാപിച്ച കാർഷിക ലോൺ എഴുതിത്തള്ളുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2,00,000/- രൂപ കുറച്ച് ബാക്കി 50,000/- രൂപ തവണ

വ്യവസ്ഥയാക്കി കിട്ടുന്നതിന് വേണ്ട നടപടി ഉണ്ടാകണമെന്ന് ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി സഹകരണ വകുപ്പിലേയ്ക്ക് അയച്ചതിനെത്തുടർന്ന് ലഭ്യമായ റിപ്പോർട്ടിൽ ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ശ്രീമതി സി.വിജയകുമാരി 23.03.16-ന് 58/2015 നമ്പരായി എടുത്തിട്ടുള്ള 2,50,000/- രൂപയുടെ വായ്പയിന്മേൽ മുതലിനത്തിൽ 2,31,649/- രൂപയും പലിശ ഇനത്തിൽ 1,88,711/- രൂപയും പിഴ പലിശ ഇനത്തിൽ 15,824/- രൂപയും എ.ആർ.സി, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിലായി 6,060/- രൂപയും ഉൾപ്പെടെ 4,42,244/- രൂപ നിലവിൽ ബാക്കി നിൽപ്പുള്ളതാണെന്നും ടി വായ്പ നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി ഇളവുകൾ നൽകാൻ ബാങ്ക് തയ്യാറാണെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 03.02.2022-ലെ യോഗത്തിൽ പരിഗണിച്ച സമിതി വായ്പയിനത്തിലുള്ള പിഴപലിശ പൂർണമായും ഒഴിവാക്കിയും പലിശയിൽ പരമാവധി ഇളവുനൽകിയും ഹർജിക്കാരിക്ക് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള സൗകര്യം ചെയ്തു നൽകണമെന്ന് വകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

സമിതി തീരുമാനം അറിയിച്ചതിനെത്തുടർന്ന് സഹകരണ വകുപ്പ് 19.09.2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ശ്രീമതി സി.വിജയകുമാരി 23.3.2016-ന് 58/2015 നമ്പരായി എടുത്തിട്ടുള്ള 2,50,000/- രൂപയുടെ വായ്പയിൽ നിലവിൽ മുതലിനത്തിൽ 2,31,649 രൂപയും പലിശ ഇനത്തിൽ 2,18,921/- രൂപയും പിഴ പലിശ ഇനത്തിൽ 24,869/- രൂപയും 6,000/-രൂപ കേസ് ഫീസും ഉൾപ്പെടെ ആകെ 4,81,439/- രൂപ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്നതിൽ പിഴ പലിശ ഇനത്തിലുള്ള 24,869/-രൂപ പൂർണ്ണമായും ഒഴിവാക്കാനും പലിശ ഇനത്തിൽ 52,591 രൂപയുടെ ഇളവ് നൽകാനും (ആകെ 77,460/- രൂപ ഇളവ്) ബാങ്ക് തയ്യാറാണെന്നും അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 21.12.2022-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തു.

7. <u>നെയ്യാറ്റിൻകര താലൂക്ക് സപ്ലൈ ഓഫീസിൽ നിന്ന് ബി.പി.എൽ കാർഡ് അനുവദിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീമതി ജയലക്ഷ്മി ആർ.കെ സമർപ്പിച്ച ഹർജി.</u>

(ഫ.നം:9962/ബി.സി.സി.2/2021/ലെജി.)

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കൊല്ല സമുദായത്തിൽപ്പെട്ട ഹർജിക്കാരിയും കുടുംബവും പതിനൊന്ന് വർഷമായി വാടകവീട്ടിലാണ് താമസിക്കുന്നതെന്നും ഹർജിക്കാരിയുടെ ഭർത്താവ് കൂലിപണിക്കാരനാണെന്നും ബി.പി.എൽ റേഷൻ കാർഡ് അല്ലാത്തതുകൊണ്ട് സർക്കാർ അനുവദിച്ച ആനുകൂല്യങ്ങളൊന്നും കിട്ടുന്നില്ലെന്നും ആയതിനാൽ നെയ്യാറ്റിൻകര താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും എ.പി.എൽ കാർഡ് ബി.പി.എൽ കാർഡ് ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

ഹർജി റിപ്പോർട്ടിനായി ഭക്ഷ്യ- പൊതുവിതരണ വകുപ്പിന് അയച്ചുകൊടുത്തതിനെത്തുടർന്ന് ലഭ്യമായ റിപ്പോർട്ടിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണ സമ്പ്രദായത്തിൽ ബി.പി.എൽ/എ.പി.എൽ വിഭാഗങ്ങൾക്കു പകരമായി മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളതെന്നും ഹർജിക്കാരിയായ ശ്രീമതി ജയലക്ഷ്മി കാർഡുടമയായുള്ള 1106191689-ാം നമ്പർ റേഷൻ കാർഡ് ബി.പി.എൽ-നു പകരമുള്ള മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 10.02.2022-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും സമിതി തീരുമാനപ്രകാരം റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തു.

8 <u>ബി.പി.എൽ റേഷൻ കാർഡ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ബി. തങ്കം, തിരുവനന്തപുരം സമർപ്പിച്ച ഹർജി.</u>

(ഫയൽ നം. 5997/ബിസിസി3/2022/ലെജി.)

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഹർജിക്കാരിക്ക് ബി.പി.എൽ കാർഡ് അല്ലാത്തത് കൊണ്ട് കോവിഡ്-19 കാലയളവിൽ സർക്കാർ അനുവദിച്ച ആനുകൂല്യം ലഭിച്ചിട്ടില്ലെന്നും, ആയതിനാൽ കാട്ടാക്കട താലൂക്ക് സപ്ലൈ ഓഫീസിൽ

നിന്നും ബി.പി.എൽ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് 31.03.2022 തീയതിയായി സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

പ്രസ്തുത ഹർജിയിന്മേൽ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഹർജി ഭക്ഷ്യ പൊതുവിതരണ വകുപ്പിലേക്കയച്ചുകൊടുത്തതിനെ തുടർന്ന് ഭക്ഷ്യപൊതുവിതരണ(ബി) വകുപ്പ് 29.09.2022 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ടിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതു വിതരണ സമ്പ്രദായത്തിൽ ബി.പി.എൽ/ എ.പി.എൽ വിഭാഗങ്ങൾക്കു പകരമായി മുൻഗണനാ/ മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളതെന്നും ശ്രീമതി തങ്കം അംഗമായുള്ള 1170052413-ാം നമ്പർ റേഷൻകാർഡ് ബി.പി.എൽ-നു പകരമുള്ള മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 21.12.2022-ലെ സമിതി യോഗം അംഗീകരിക്കുകയും സമിതി നിർദ്ദേശപ്രകാരം റിപ്പോർട്ടു വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽ മൂലം മേൽപ്പറഞ്ഞ ഹർജികളിന്മേൽ അനുകൂല നടപടിയുണ്ടായതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു.

**വി. ആർ. സുനിൽകുമാർ,**
അദ്ധ്യക്ഷൻ,
പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം
2024 ജൂലൈ.. 9

## അനുബന്ധം I

### സമിതി ശിപാർശകൾ/നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ ഫയലുകളുടെ പട്ടിക

### പിന്നാക്ക വിഭാഗ വികസന വകുപ്പ്

| ക്രമ നം. | ഹർജി വിഷയവും ഫയൽ നമ്പറും | റഫറൻസ് നമ്പറും തീയതിയും |
|---|---|---|
| 1. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സ്റ്റേറ്റ് എംപ്ലോയീസ് & ടീച്ചേഴ്സ് കോൺഫെഡറേഷൻ, തൃശ്ശൂർ ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 4367/ബി.സി.സി.1/2012/ലെജി) | 21.01.2022-ലെ ബി3/125/2021/പി.വി.വി.വ. നമ്പർ കത്ത് |
| 2. | വിവിധ കൊല്ലൻ സമുദായങ്ങളെ പെരുംകൊല്ലൻ എന്ന പേരിൽ ഏകീകരിച്ച ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട ശ്രീ. എം.എൻ. രാമകൃഷ്ണൻ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 4729/ബി.സി.സി.1/2015/ലെജി) | 06.9.2022-ലെ B3/80/2021/BCDD നമ്പർ കത്ത് |
| 3. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കമ്മാള, തച്ചൻ മഹാസഭ പ്രസിഡന്റ് ശ്രീ. പി. ഗോപാലൻ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 870 ബി.സി.സി.1/2017/ലെജി) | 01.08.2022-ലെ 90/ബി3/2021/പി.വി.വി.വ. നമ്പർ കത്ത് |
| 4. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖില കേരള വിശ്വകർമ്മ മഹാസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിഡന്റ് ശ്രീ. എ.വി. രാധാകൃഷ്ണൻ സെക്രട്ടറി ശ്രീ പി. അരവിന്ദാക്ഷൻ എന്നിവർ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ. 4889/ബി.സി.സി1/2018/ലെജി) | 31.10.2022-ലെ ബി3/29/2022/പിവിവിവ നമ്പർ കത്ത് |
| 5. | വാണിയ വിഭാഗത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീ. രാധാകൃഷ്ണൻ ഇരവിൽ, കോഴിക്കോട് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 4894/ബി.സി.സി.1/2018/ലെജി.) | 25.5.2019-ലെ 29/B3/2018/പിവിവിവ നമ്പർ കത്ത് |
| 6. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖില കേരള പെരുങ്കൊല്ല സമാജം മലപ്പുറം ജില്ലാ കമ്മിറ്റി സെക്രട്ടറി ശ്രീ. മോഹൻ ദാസ് എ.വി. സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 6156/ബി.സി.സി.1/2018/ലെജി) | 05.8.2022-ലെ B3/40/2022/പിവിവിവ നമ്പർ കത്ത് |
| 7. | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖില കേരള പണ്ഡിതർ മഹാജന സഭ ജനറൽ സെക്രട്ടറി ശ്രീ. എസ്. ഷിജുകുമാർ, കോട്ടയം സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 6228/ബി.സി.സി.1/2019/ലെജി) | 25.01.2022-ലെ A2/77/2020/പിവിവിവ നമ്പർ കത്ത് |

| | | |
|---|---|---|
| 8. | തൊട്ടിയ നായ്ക്കർ സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട തൊട്ടിയ നായ്ക്കർ സമുദായ സംഘം പ്രസിഡന്റ് ശ്രീ. ജയകുമാർ പാലക്കാട് സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 18127/ബി.സി.സി.1/2021/ലെജി) | 11.7.2022-ലെ A3/239/2021/പിവിവിവ നമ്പർ കത്ത് |
| 9. | നിർബന്ധിത ജാതി പരിവർത്തനത്തിൽ നിന്ന് മോചനത്തിനായി തിയ്യ സമുദായ സമിതി പ്രസിഡന്റ് ശ്രീ. പുതുക്കുടി പുരുഷോത്തമൻ, തിയ്യ മഹാസഭ പ്രസിഡന്റ് ശ്രീ. സുനിൽകുമാർ എന്നിവർ സമർപ്പിച്ച ഹർജികൾ സംബന്ധിച്ച്. (ഫയൽ നം. 2817/ബിസിസി2/2012/ലെജി) | 23.12.2021 ലെ ബി3/124/2021/പിവിവിവ നമ്പർ കത്ത്. |
| 10. | മതിലകം സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നില്ലെന്നത് സംബന്ധിച്ച് പി.ടി.എ പ്രസിഡന്റ് ശ്രീ. എം. കെ. തിലകൻ സമർപ്പിച്ച ഹർജി. (ഫയൽ നം. 4396/ബിസിസി2/2012/ലെജി) | 11.08.2021 ലെ എ 2/141/2021/പിവിവിവ നമ്പർ കത്ത്. |
| 11. | വിവിധ ആവശ്യങ്ങളുന്നയിച്ച് ആൾ ഇന്ത്യാ വീരശൈവ മഹാസഭ പത്തനംതിട്ട ജില്ലാകമ്മിറ്റി സെക്രട്ടറി ശ്രീ. വി.സുബ്രഹ്മണ്യൻ സമർപ്പിച്ച ഹർജി (ഫയൽ നം. 4670/ബിസിസി2/2013/ലെജി) | 22.01.2022 ലെ എ 3/246/2021/പിവിവിവ നമ്പർ കത്ത്. |
| 12. | വിവിധ ആവശ്യങ്ങളുന്നയിച്ച് വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി പത്തനംതിട്ട ജില്ലാ കമ്മിറ്റി പ്രസിഡന്റ് ശ്രീ. ജയൻതലകുളം സമർപ്പിച്ച ഹർജി. (ഫയൽ നം. 7087/ബിസിസി2/2019/ലെജി) | 22.12.2021 ലെ എ 3/1/2021/പിവിവിവ നമ്പർ കത്ത്. |
